# കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് -ജീവനക്കാര്യം - സർക്കാർ കോളേജ് അദ്ധ്യാപകർ - ഗണിത ശാസ്ത്ര വിഭാഗം - താല്ക്കാലിക നിയമനം ക്രമീകരിച്ച ഉത്തരവ് - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ എ 2/28995/2016/കോ.വി.വ. തിരുവനന്തപുരം തീയതി 02/08/2019

---

പരാമർശം: 1. 08.07.2019 ലെ എ 2/28995/16/ കോ.വി.വ. ഉത്തരവ്.
2. ശ്രീമതി. രേഖ.കെ.പി.യുടെ അപേക്ഷ.

## ഉത്തരവ്

സൂചന (1) ഉത്തരവ് പ്രകാരം ഈ വകുപ്പിനു കീഴിലുള്ള വിവിധ സർക്കാർ കോളേജുകളിലെ 16 ഗണിത ശാസ്ത്ര വിഭാഗം അദ്ധ്യാപകരുടെ താത്ക്കാലിക നിയമനം ക്രമീകരിച്ച് ഉത്തരവായിരുന്നു. ടി ഉത്തരവിലെ ക്രമനമ്പർ 3 ൽ ശ്രീമതി. രേഖ കെ.പി. നിലവിൽ ജോലി ചെയ്യുന്ന സ്ഥാപത്തിന്റെ പേര് ഗവൺമെന്റ് എഞ്ചിനിയറിംഗ് കോളേജ്, കണ്ണൂർ എന്നതിനുപകരം ഗവൺമെന്റ് എഞ്ചിനിയറിംഗ് കോളേജ്, തൃശ്ശൂർ എന്ന് തെറ്റായാണ് രേഖപ്പെടുത്തിയിരുന്നത്. ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ പേര് ഗവൺമെന്റ് എഞ്ചിനിയറിംഗ് കോളേജ്, കണ്ണൂർ എന്നാക്കി തിരുത്തി നൽകണമെന്ന് ശ്രീമതി. രേഖ.കെ.പി. അപേക്ഷിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സൂചന (1) ഉത്തരവിലെ ക്രമനമ്പർ 3 ലെ കോളേജിന്റെ പേര് ഗവൺമെന്റ് എഞ്ചിനിയറിംഗ് കോളേജ്, കണ്ണൂർ എന്നാക്കി തിരുത്തി ഉത്തരവാകുന്നു. മേൽ പരാമർശിച്ച ഭേദഗതിയോടെ സൂചന (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

ഒപ്പ്/-
ഡോ. സുമ. കെ.കെ.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ(ഇൻ ചാർജ്ജ്)

പകർപ്പ്:- 1) ശ്രീമതി. രേഖ കെ.പി.
അസിസ്റ്റന്റ് പ്രൊഫസർ ഇൻ മാത്സ്,
ഗവൺമെന്റ് എഞ്ചിനിയറിംഗ് കോളേജ്, കണ്ണൂർ
2) പ്രിൻസിപ്പാൾ,
ഗവൺമെന്റ് എഞ്ചിനിയറിംഗ് കോളേജ്, കണ്ണൂർ
3) കരുതൽ ഫയൽ/നടപ്പ് ഫയൽ //അംഗീകാരത്തോടെ//

സൂപ്രണ്ട്

ജയ/5/8/19

GOVERNMENT OF KERALA